**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 110** **23-01-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി കലൂർ സ്റ്റേഡിയത്തിൽ നടന്ന അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. എം. വിൻസെന്റ് , ശ്രീമതി കെ. കെ. രമ, ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊച്ചി കലൂർ സ്റ്റേഡിയത്തിൽ നടന്ന മൃദംഗനാദം എന്ന നൃത്തപരിപാടിക്ക് പോലീസ് അനുമതി നല്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചി കലൂർ സ്റ്റേഡിയത്തിൽ 29.12.2024-ൽ നടന്ന മൃദംഗനാദം എന്ന നൃത്ത പരിപാടിക്ക് ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള അനുമതിക്കും പരിപാടിയുടെ സുരക്ഷക്കായി പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭിക്കുന്നതിനും പരിപാടിയുടെ സംഘാടകർ അപേക്ഷ സമർപ്പിച്ചതു പ്രകാരം Mike sanction നൽകുകയും പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നതുമാണ്. |
| (ബി) | മന്ത്രിയും ജനപ്രതിനിധികളും പങ്കെടുത്ത പ്രസ്തുത പരിപാടിയുടെ സ്റ്റേജിന്റെ സുരക്ഷാ പരിശോധന പോലീസ് നടത്തിയിരുന്നോയെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത പരിപാടിയുടെ സ്റ്റേജിന്റെ സുരക്ഷ പോലീസ് നടത്തിയിട്ടില്ല. |
| (സി) | പ്രസ്തുത പരിപാടിയിലെ സുരക്ഷാവീഴ്ച കാരണം ഉമാ തോമസ് എം.എൽ.എ.യ്ക്ക് ഗുരുതരമായ പരിക്ക് പറ്റിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സംഭവവുമായി ബന്ധപ്പെട്ട് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1294/2024 U/s 110, 3(5) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ സംഘാടകരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണ് പ്രസ്തുത അപകടത്തിന് കാരണമായിട്ടുള്ളതെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ<br><br>(1) നിഗോഷ് കുമാർ (Owner of Mridhanga Vision),<br><br>(2) ഷമീർ എ (CEO of Mridhanga Vision),<br><br>(3) ജനീഷ് പി.എസ് (Owner of Oscar Events),<br><br>(4) കൃഷ്ണകുമാർ എം.ഡി (Owner of Events India),<br><br>(5) ബെന്നി (Stage Contractor) എന്നീ 5 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം ഊർജിതമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ